ജയിൽ തടവുകാർ

29 [831] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, പി. നാരായണൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ഉപദേശക സമിതി ശുപാർശ പ്രകാരം വിട്ടയയ്ക്കുന്നതിനുവേണ്ടി ലിസ്റ്റിൽ പേരു വന്നിട്ടുള്ള എത്ര തടവുകാരാണ് ഉള്ളത് ;

(ബി) ഇവരെ വിട്ടയ്ക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ; കാലതാമസം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ജയിലുകളിൽ വിചാരണ കാത്ത് വർഷങ്ങളായി തടവിൽ കഴിയുന്ന എത്ര വിചാരണ തടവുകാരുണ്ട് ; മാനുഷിക പരിഗണന നൽകി വിചാരണ തടവുകാരുടെ കാര്യത്തിൽ അനുകമ്പാപൂർവ്വമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ജയിലുകളിലെ തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വരുത്താൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജയിൽ ഉപദേശക സമിതിയുടെ ശുപാർശ പ്രകാരം തടവുകാരെ വിട്ടയ്ക്കുന്നത് സംബന്ധിച്ച ശുപാർശകൾ നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) 1-12-2005-ൽ 4042 വിചാരണ തടവുകാരുണ്ടായിരുന്നു. ഫാസ്റ്റ് ട്രാക്ക് കോടതികളുടെ പ്രവർത്തനംമൂലം ദീർഘകാലമായി വിചാരണ കാത്ത് കഴിയുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. മുഖ്യ ജയിലുകളെയും കോടതികളെയും പരസ്പരം ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഭക്ഷണവും വേതനവും മെച്ചപ്പെടുത്താനുള്ള ശുപാർശകൾ പരിശോധിച്ചു വരുന്നു.

ജയിൽ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ

30 [832] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ജയിൽ പരിഷ്കാര കമ്മിറ്റി സർക്കാരിന് ശുപാർശകൾ വല്ലതും സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly